കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# മാള ബ്ലോക്ക് പഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ
e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.2)1736/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
e-mail.id :dotsr.ksad@kerala.gov.in
ഫോൺ: 0487 2331249
തീയതി :30.11.2017

മാള ബ്ലോക്ക് പഞ്ചായത്ത്
പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ജോയിന്റ് ഡയറക്ടർ

സർ,

വിഷയം : മാള ബ്ലോക്ക് പഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-8,3-12,3-14 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരി പത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(ബി.പി.1)1736/2017 തിയ്യതി: 30.11.2017

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.
(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ മാള ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 14.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് എൻക്വയറി നൽകുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ബാലകൃഷ്ണൻ.ഇ.ആർ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.11.2017 മുതൽ 21.11.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ആശ.എം.വി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ് അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ ,ഓഡിറ്റർ |

നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ.വർഗ്ഗീസ് കാച്ചപ്പിള്ളി | 1.4.2016മുതൽ31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| സെക്രട്ടറി | കാലയളവ് |
|---|---|
| ആർ.ബാലചന്ദ്രൻ നായർ | 1.4.2016മുതൽ10.6.2016 വരെ |
| ആന്റോ. കെ. ദേവസി (സെക്രട്ടറി ഇൻ ചാർജ്ജ് ) | 11.6.2016 മുതൽ28.6.2016 വരെ |
| എ.കെ.തോമസ് | 29.6.2016 മുതൽ30.9.2016 വരെ |
| ആന്റോ. കെ. ദേവസി (സെക്രട്ടറി ഇൻ ചാർജ്ജ് ) | 1.10.2016 മുതൽ13.2.2017 വരെ |
| ജോസഫ്.പി.ഒ | 14.2.2017 മുതൽ31.3.2017 വരെ |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ശിശു വികസന പദ്ധതി ഓഫീസർ | മേരി.പി.ജെ. | 1.4.2016 മുതൽ 31.3.2017 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | പി.കെ.സുരജ | 1.4.2016 മുതൽ 31.03.2017 വരെ |
| സൂപ്രണ്ട്, സി.എച്ച്.സി. മാള | ഡോ.ആശസേവ്യർ | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ബിനു .ഇ.ടി | 01.4.2016 മുതൽ 31.3.2017 വരെ |

| | | |
|---|---|---|
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | പി.ടി.ബാബു | 1.4.2016 മുതൽ 31.03.2017 വരെ |
| ക്ഷീരവികസന ഓഫീസർ | കവിത.എ. | 1.4.2016 മുതൽ 8.12.2016 വരെ |
| | മുരളി എ.കെ | 9.12.2016 മുതൽ 31.03.2017വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ബിജി.തോമസ് | 01.04.2016 മുതൽ 4.8.2016 വരെ |
| | ഷെർളി.എ.എഫ് | 5.8.2016 മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1. |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ആഭ്യന്തരനിയന്ത്രണം | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 | |
| 10 | ഇ-ടെണ്ടർ-ടെണ്ടർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട തുക ബ്ളോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല. | 2-1 |
| 11 | വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 |
| 12 | വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ അപാകതകൾ | 2-3 |
| 13 | വിൽപ്പന നികുതി ചുമത്തിയത് ഒടുക്കി കാണുന്നില്ല. | 2-4 |
| 14 | പഞ്ചായത്ത് തീരുമാനങ്ങളിൽ നടപടി സ്വീകരിച്ചിട്ടില്ല. | 2-5 |
| | ഭാഗം 3 | |
| 15 | സർക്കാർ അംഗീകാരമില്ലാതെ കാഷ്വൽ സ്വീപ്പറെ നിയമിച്ചു | 3-1 |
| 16 | ഐ.എ.വൈ ഭവനപദ്ധതി-പണി പൂർത്തീകരിക്കാത്തവർ | 3-2 |
| 17 | ഓട്ടിസം സെന്റർ വയറിങ്ങ് -എസ്റ്റിമേറ്റ് | 3-3 |

| | | |
|---|---|---|
| | പ്രിപ്പറേഷൻ ചാർജ്ജ്,KSEB കോഷൻ ഡെപ്പോസിറ്റ് എന്നിവ ചെലവഴിച്ചിട്ടില്ല. | |
| 18 | മാലിന്യ സംസ്കരണം – പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ – വിനിയോഗ സാക്ഷ്യപത്രം ഇല്ല. | 3-4 |
| 19 | മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ- മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചതിന്റെ രേഖകൾ ഇല്ല. | 3-5 |
| 20 | സിഡ്കോയിൽ നിന്നും കമ്പ്യൂട്ടർ,ഫാൻ എന്നിവ നേരിട്ട് വാങ്ങി. | 3-6 |
| 21 | മാള സിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല. | 3-7 |
| 22 | മാള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങൽ -പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല | 3-8 |
| 23 | സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന വാഴ കൃഷി വികസനം- രേഖകൾ ഹാജരാക്കിയിട്ടില്ല | 3-9 |
| 24 | സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന പച്ചക്കറി കൃഷി വികസനം- രേഖകൾ ഹാജരാക്കിയിട്ടില്ല | 3-10 |
| 25 | ഗ്രാമവികസന കാര്യാലയം,യൂത്ത്ഗൈഡൻസ് സെന്റർ -വൈദ്യുതീകരണം-വൈദ്യുതി കണക്ഷൻ ലഭിച്ചില്ല | 3-11 |
| 26 | കാവനാട് ശ്മശാനം-ചുറ്റുമതിൽ നിർമ്മാണം പ്രവൃത്തി നടപ്പാക്കിയില്ല | 3-12 |
| 27 | ടോയലറ്റ്-നിർമ്മാണം-കാലതാമസത്തിന് പിഴ ഈടാക്കിയില്ല | 3-13 |
| 28 | ഊളൻചിറ മണലിക്കാട് ജല നിർഗ്ഗമന പദ്ധതി-ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല | 3-14 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനഡെപ്പോസിറ്റ് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 3.3.2016 തിയതിയിലെ 1(1)ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ബജറ്റ് പ്രകാരം ആകെ വരവ് 131580000/-രൂപയും ചെലവ് 130608000/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 23.6.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

അപാകതകൾ

*1.*നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തിയിട്ടില്ല.
*2.ഡെപ്പോസിറ്റ് ചെയ്ത തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റ് ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.*
*3.വരവിനങ്ങളുടെ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കാത്തതിനാൽ ഡിസിബി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.*
*4.ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.*ആയതിനാൽ ഈയിനത്തിലുള്ള വരവ് ചെലവ് ബാലൻസ് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -39449490/-

വരവ് -57821817/-

ആകെ -97271307/-

ചെലവ് -76084799/-

നീക്കിയിരിപ്പ്-21186508/-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ | ചെലവ് | ലാപ്സായ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | അലോട്ട്മെന്റ് | | തുക | ശതമാനം |
| വികസനഫണ്ട് ജനറൽ | 23731829 | 13566866 | 10164963 | 57.16 |
| വികസനഫണ്ട് എസ്.സി.പി. | 13270621 | 7866351 | 5404270 | 59.27 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 5248077 | 2649145 | 2598932 | 50.47 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 79 | 80141602 | 41 | 25111738 | 18 | 20 | 51.89 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 482477 | 462694 * | (-)19783 | (-)4.1 |

* വാർഷിക കണക്ക് ഷെഡ്യൂൾ RP-3, RP-4, RP-5 & RP-43 പ്രകാരമുള്ള തുകയാണ് ചേർത്തിരിക്കുന്നത്.

## 1-8-ആഭ്യന്തരനിയന്ത്രണം.

അഡ്വാൻസ് രജിസ്റ്റർ സെക്രട്ടറി ഒപ്പ് വച്ച് ആധികാരികമാക്കിയിട്ടില്ല.

വരവ് ഇനങ്ങളുടെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ 2016-17 ൽ എഴുതി സൂക്ഷിച്ചിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾനടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.10.2017 | 2016-17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.7.2012 | 2007-08 മുതൽ 2011-12 വരെ | 21.9.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക ബ്ളോക്ക് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല.

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്.ടെണ്ടർ ഫീസിനത്തിലെ തുകയായ 84630 രൂ.എൽ. എസ്.ജി.ഡി.ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്.ഈ തുക ബ്ളോക്ക് പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 2-2 വാടക കുടിശ്ശിക ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

സി.എച്ച്.സി സ്വാശ്രയ ലാബ് 16-17 സാമ്പത്തിക വർഷത്തിൽ 2400 രൂപ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളത് ഈടാക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക തുക ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 2-3 വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ അപാകതകൾ

- ലേലവുമായി ബന്ധപ്പെട്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ബൈലോ തയ്യാറാക്കിയിട്ടില്ല.
- വാടക ഈടാക്കുന്നത് സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു.എഗ്രിമെന്റ് പുതുക്കുന്നില്ല.
- വാടക വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല. ബൈലോ തയ്യാറാക്കിയിട്ടില്ല.

### 2-4 വിൽപ്പന നികുതി ചുമത്തിയത് ഒടുക്കി കാണുന്നില്ല.

ആളൂർ പി.എച്ച്.സി. കോംപൗണ്ടിലെ പഴയ കെട്ടിടം പൊളിച്ചു 128884 രൂപക്ക് ലേലം ചെയ്തതായി കാണുന്നു. 16111/- രൂപ വിൽപ്പന നികുതിയിനത്തിൽ ലേലം കൊണ്ടവരിൽ നിന്നും ഈടാക്കിയതായും കാണുന്നു.എന്നാൽ ടി തുക ട്രഷറിയിൽ ഒടുക്കിയതായി കാണുന്നില്ല. തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 2-5 പഞ്ചായത്ത് തീരുമാനങ്ങളിൽ നടപടി സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തു കമ്മിറ്റി എടുത്ത ചില തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. 11.7.16 ലെ 7(1)-ാം നമ്പർ തീരുമാനം - പഴയ വി.ഇ.ഒ ഓഫീസ് കെട്ടിടം ലേലം ചെയ്യുന്നത് സംബന്ധിച്ച്

2. 25.10.16 ലെ 3-ാം നമ്പർ തീരുമാനം-സി.എച്ച് സി കോംപൗണ്ടിലെ നീതി സ്റ്റോറിൽ നിന്നും വാടക ഈടാക്കുന്നത് സംബന്ധിച്ച്

3. 9.01.17 ലെ 3-ാം നമ്പർ തീരുമാനം-ആളൂർ വ്യവസായ എസ്റ്റേറ്റിലെ മരങ്ങൾ മുറിച്ചു മാറ്റി ലേലം ചെയ്യുന്നത് സംബന്ധിച്ച്

4. അജണ്ട 10,22.8.17 ലെ 2-ാം നമ്പർ തീരുമാനം-എസ്.സി വ്യവസായ കേന്ദ്രത്തിലെ ഫലവൃക്ഷങ്ങൾ നിയമാനുസൃതമായി ലേലം ചെയ്യാനും കരാർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി നടത്താൻ അപേക്ഷകൾ ക്ഷണിക്കാനുമുള്ള തീരുമാനം

5. അജണ്ട 2,26.8.17 ലെ തീരുമാനം 1-ആളൂർ,താഴെക്കാട് വ്യവസായ എസ്റ്റേറ്റുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം റവന്യൂ അധികാരികളെക്കൊണ്ട് അളന്നു തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ചു സംരക്ഷിക്കാനുള്ള തീരുമാനം.

മേൽ തീരുമാനങ്ങളിൽ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(എൻക്വയറി നം.4) ക്രമ നം.1 ലെ തീരുമാന പ്രകാരം ലേല നടപടികൾ പൂർത്തിയാക്കി തുക തനതുഫണ്ടിൽ അടച്ചിട്ടുള്ളതായും,ക്രമ നം.3,4 തീരുമാനങ്ങളിലെ ലേല നടപടികൾ പൂർത്തിയാക്കി വിവരം അറിയിക്കുന്നതാണെന്നും,ക്രമ നം.2,5 ലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട അധികാരികൾക്ക് കത്ത് നൽകിയിട്ടുള്ളതായും മറുപടി നൽകിയിട്ടുണ്ട്.

മേൽ തീരുമാനങ്ങളിൽ എത്രയും വേഗം നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ അംഗീകാരമില്ലാതെ കാഷ്വൽ സ്വീപ്പറെ നിയമിച്ചു.

2001 മുതൽ 6000-രൂ വേതനം നൽകി കാഷ്വൽ സ്വീപ്പറെ (കെ.കെ.ലത,മാണിയംപറമ്പിൽ വീട്,വടമ പി.ഒ)ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൽ സർക്കാർ അനുമതി കൂടാതെ നിയമിച്ചിരിക്കുന്നു..ജി.ഒ(പി) നം.412/2011 /ഫിൻ /30.9.2011 , ജി.ഒ(പി) നം.28/2016/ഫിൻ /26.2.2016 ലെ ഉത്തരവുകൾ പ്രകാരം സർക്കാർ അനുമതി കൂടാതെ കാഷ്വൽ സ്വീപ്പർമാരെ നിയമിക്കുവാൻ പാടില്ല. കാലതാമസം വരുന്ന കേസുകളിൽ 2 മാസത്തേക്ക് കുടുംബശ്രീയിൽ നിന്ന് ആളെ നിയമിക്കാവുന്നതാണ്.( ജി.ഒ(പി) നം.412/2011/ഫിൻ /30.9.2011).എന്നാൽ ടിയാരി നിലവിലും കാഷ്വൽ സ്വീപ്പറായി തുടരുകയാണ്.നിയമനത്തിന് സാധൂകരണം നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിനു കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ സാധൂകരണം ലഭിച്ചിട്ടില്ല. സർക്കാർ അനുമതി ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 ഐ.എ.വൈ ഭവനപദ്ധതി-പണി പൂർത്തീകരിക്കാത്തവർ

IAY പദ്ധതി പ്രകാരം ഒന്നോ അതിലധികമോ ഗഡു തുക കൈപ്പറ്റി വീടുപണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

OC/OCM

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | സന്ധ്യ സനിഷ്,പുളിക്കശ്ശേരി | 80000 |
| 2 | പുഷ്പ ഗോപാലക്കുറുപ്പ്,കോച്ചിലേത്ത് | 150000 |
| 3 | ഷീജ ഹരിഹരൻ,കല്ലുപുരക്കൽ | 150000 |
| 4 | ജിജി,ഞാറക്കാട്ടിൽ | 148000 |
| 5 | രാധ ഡേവീസ്,വലിയവീട്ടിൽ | 176000 |
| 6 | കൊച്ചുത്രേസ്യ ജോസഫ്,കോട്ടക്കൽ | 176000 |
| 7 | അസീന മനാഫ്,കൊച്ചിക്കാരൻ | 128000 |
| 8 | ജോണി,പാറക്കൽ | 148000 |
| 9 | സരസ്വതി കൃഷ്ണൻ,കാട്ടുക്കാരൻ | 176000 |
| 10 | അലി അബ്ദുള്ള,എടമുട്ടത്ത് | 160000 |
| 11 | സിസിലി തോമസ്,പാറക്കൽ | 156000 |
| 12 | സരോജിനി,വള്ളിവട്ടത്തുക്കാരൻ | 176000 |
| 13 | പുഷ്പലത രഘുനാഥൻ,കൊല്ലംപറമ്പിൽ | 176000 |

SC

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | മല്ലിക സജി,പാണ്ട്യാലയിൽ | 201000 | |
| 2 | സുജാത പ്രദീപ്,ഗോതുരുത്തിൽ | 236000 | |
| 3 | ബിജു,നന്തിരിവീട്ടിൽ | 201000 | |
| 4 | ഷീബ രാജൻ,പാലപ്പെട്ടി | 276000 | |
| 5 | ദേവകി നാരായണൻ | 189000 | |
| 6 | ശാന്ത വേലായുധൻ,വെട്ടത്ത് | 201000 | |
| 7 | ജ്ഞാനേഷ് കുമാർ | 276000 | |
| 8 | സീത എം.കെ | 276000 | |
| 9 | മിനി ദാസൻ | 236000 | |
| 10 | അനിത നാരായണൻ | 276000 | |

ഭവനനിർമ്മാണം പൂർത്തീകരിച്ച് ധനസഹായം മുഴുവൻ അനുവദിച്ച് പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 ഓട്ടിസം സെന്റർ വയറിങ്ങ് -എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്ജ്,KSEB കോഷൻ ഡെപ്പോസിറ്റ് എന്നിവ ചെലവഴിച്ചിട്ടില്ല.

പദ്ധതി നമ്പർ-40/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-31/16-17/31.3.2017-308672/- രൂ

ഓട്ടിസം സെന്റർ വയറിങ്ങിനായി പിൻവലിച്ച തുക താഴെ പറയുന്ന ഇനങ്ങൾക്കായാണ് വകയിരുത്തിയിരുന്നത്.

| ഇനം | തുക |
|---|---|
| കോൺട്രാക്ടർ | 274171 |
| വാറ്റ് | 11667 |
| ഇൻകം ടാക്സ് | 2917 |
| KCWWF | 2917 |
| എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്ജ്, | 12000 |
| KSEB കോഷൻ ഡെപ്പോസിറ്റ് | 5000 |
| ആകെ | 308672 |

മേൽ പ്രകാരം തുകകൾ വകയിരുത്തിയതിൽ എസ്റ്റിമേറ്റ് പ്രിപ്പറേഷൻ ചാർജ്ജ് 12000/-രൂപ,KSEB കോഷൻ ഡെപ്പോസിറ്റ് 5000/-രൂപ എന്നിവ അടവാക്കിയിട്ടില്ല. പ്രസ്തുത തുകകൾ ചെലവഴിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.(നമ്പർ-2/16.11.2017)പിൻ വലിച്ച തുക ചെലവഴിക്കാത്തതിനാൽ തടസ്സത്തിൽ വക്കുന്നു.(17000/-)

## 3-4 മാലിന്യ സംസ്കരണം പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ഇല്ല.

പദ്ധതി നമ്പർ-74/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

| ബിൽ നമ്പർ | തുക |
|---|---|
| 16/16-17/31.1.2017 | 300000 (കുഴൂർ പഞ്ചായത്തിന് നൽകിയത്) |

| | |
|---|---|
| 17/16-17/31.1.2017 | 426546 (മാള പഞ്ചായത്തിന് നൽകിയത്) |
| 24/16-17/8.3.2017 | 300000 (പൊയ്യ പഞ്ചായത്തിന് നൽകിയത്) |
| 23/16-17/8.3.2017 | 300000 (അന്നമനട പഞ്ചായത്തിന് നൽകിയത്) |
| 25/16-17/8.3.2017 | 300000 (ആളൂർ പഞ്ചായത്തിന് നൽകിയത്) |
| ആകെ | 1626546/- |

വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ ചെലവ് തുക(1626546/-) തടസ്സപ്പെടുത്തുന്നു

## 3-5 മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ- മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചതിന്റെ രേഖകൾ ഇല്ല.

പദ്ധതി നമ്പർ-47/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-പട്ടിക ജാതി വികസന ഓഫീസർ

ബിൽ നമ്പർ-1/16-17/22.2.2017-2,50,000/-രൂ

മെറിറ്റോറിയസ് അടിസ്ഥാനത്തിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കുമാരി റോഷ്നി രവി,നട്ടുവത്ത് വീട്,ആളൂർ എന്ന വിദ്യാർത്ഥിനി മെറിറ്റ് അടിസ്ഥാനത്തിലാണ് പ്രവേശനം നേടിയത് എന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കിയിട്ടില്ല. (ടിയാരി വരദരാജ കോളേജ് ഓഫ് നഴ്സിങ്ങ് തുംകൂർ കർണ്ണാടക എന്ന കോളേജിലാണ് പഠിച്ചു വരുന്നത്.)

ആയതിനാൽ ടിയാൾക്ക് നൽകിയ തുക 25,000/-രൂ തടസ്സപ്പെടുത്തുന്നു.

## 3-6 സിഡ്കോയിൽ നിന്നും കമ്പ്യൂട്ടർ,ഫാൻ എന്നിവ നേരിട്ട് വാങ്ങി.

പദ്ധതി നമ്പർ-48/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിഎച്ച്സി മാള

ബിൽ നമ്പർ-7/16-17/24.12.2016-43940/-രൂ

പദ്ധതി പ്രകാരം കമ്പ്യൂട്ടർ,യുപിഎസ് ,ഫാൻ എന്നിവ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതായാണ് പ്രൊജക്ടിൽ രേഖപ്പെടുത്തിയിരുന്നത്. ആയതു പ്രകാരം ക്വട്ടേഷൻ നടപടികൾ കൂടാതെ സിഡ്കോയിൽ നിന്ന് വാങ്ങൽ നടത്തി.(INV.NO.SMC/OLR/16-17/0228/15.12.2016)

എന്നാൽ മേൽ സാധനങ്ങൾ ക്വട്ടേഷൻ കൂടാതെ സിഡ്കോയിൽ നിന്ന് വാങ്ങുന്നതിന് ഉത്തരവുകൾ ഇല്ല. സ.ഉ(സാധാ)നം.3299/16/ത.സ്വ.ഭ.വ തീയതി. 02.12.2016പ്രകാരം സ്ഥാപനം ഉൽപാദിപ്പിക്കാത്ത സാധനങ്ങൾ ടെണ്ടർ കൂടാതെ വാങ്ങാവുന്നതല്ല. ആയതിനാൽ ഭാവിയിൽ വാങ്ങലുകൾ നടത്തുമ്പോൾ ഉത്തരവുകൾ അനുസരിച്ച് മാത്രം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 മാള സിഎച്ച്സിയിലേക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ മുഴുവൻ ലഭ്യമായിട്ടില്ല.

പദ്ധതി നമ്പർ-34/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിഎച്ച്സി മാള

ബിൽ നമ്പർ-8/16-17/24.1.17-250000/-

ബിൽ നമ്പർ-17/16-17/15.3.2017-410000/-

മേൽ പ്രകാരം ആകെ 660000/-രൂ മരുന്ന് വാങ്ങലിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്

കൈമാറിയിട്ടുണ്ട്. എന്നാൽ ആകെ 197377/-രൂപയുടെ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ.ബാക്കി തുക(462623/-രൂപ)ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 മാള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങൽ -പൂർത്തീകരണ സാക്ഷ്യപത്രം ഇല്ല

പദ്ധതി നമ്പർ-37/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ സിഎച്ച്സി, മാള

ബിൽ നമ്പർ-13/16-17/9.3.17-699733/-

ചെക്ക് നമ്പർ-1839314/27.2.2017-599642/-

മാള കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേക്ക് ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി ഇലക്ട്രിക്കൽ വിങ്ങിലേക്ക് മേൽ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽചെലവ് തുക (1299375/-)തടസ്സത്തിൽ വക്കുന്നു.

## 3-9 സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന വാഴ കൃഷി വികസനം-രേഖകൾ ഹാജരാക്കിയിട്ടില്ല

പദ്ധതി നമ്പർ-55/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ബിൽ നമ്പർ-7/16-17/25.3.2017-123500/-

5/16-17/13.3.2017-255000/-

2/16-17/27.2.2017-96000/-

9/16-17/31.3.2017-45000/-

ആകെ 519500/-രൂ

മാള ബ്ളോക്കിന് കീഴിലുള്ള പഞ്ചായത്തുകളിലെ സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവക്ക് വാഴ കൃഷി വികസനത്തിന് വളം വാങ്ങലിനായി ആവിഷ്കരിച്ച പദ്ധതി പ്രകാരം വളം വാങ്ങിയതിന് സബ്സിഡി തുക കൈമാറിയിട്ടുണ്ട്.എന്നാൽ വളം വാങ്ങിയതിന്റെ രേഖകൾ ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ സബ്സിഡി നൽകിയതിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.(519500/-രൂ) (ഓഡിറ്റ് എൻക്വയറി നം. 9/21.11.17)

## 3-10 സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ മുഖേന പച്ചക്കറി കൃഷി വികസനം-രേഖകൾ ഹാജരാക്കിയിട്ടില്ല

പദ്ധതി നമ്പർ64/17

നിർവ്വഹണ ഉദ്യോഗസ്ഥൻ-കൃഷി അസിസ്റ്റന്റ് ഡയറക്ടർ

ബിൽ നമ്പർ-3/16-17/27.2.2017-49500/-

4/16-17/13.3.2017-181800/-

6/16-17/25.3.2017-399450/-

8/16-17/31.3.2017-15000/-
ആകെ-645750/-രൂ

മാള ബ്ളോക്കിന് കീഴിലുള്ള പഞ്ചായത്തുകളിലെ സ്വയം സഹായ സംഘങ്ങൾ/കുടുംബശ്രീ ഗ്രൂപ്പുകൾ എന്നിവക്ക് പച്ചക്കറി കൃഷി വികസനത്തിനായി വളം വാങ്ങലിനും,കൂലി ചെലവ് സബ്സിഡി നൽകുന്നതിനും ആവിഷ്കരിച്ച പദ്ധതി പ്രകാരം വളം വാങ്ങിയതിനും കൂലി ചെലവിനും സബ്സിഡി തുക കൈമാറിയിട്ടുണ്ട്.എന്നാൽ വളം വാങ്ങിയതിന്റേയും മറ്റ് ചെലവുകൾ സംബന്ധിച്ചുമുള്ള രേഖകൾ ഫയലിൽ ഇല്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തതിനാൽ സബ്സിഡി നൽകിയതിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.ചെലവ് തുക തടസ്സപ്പെടുത്തുന്നു(645750/-രൂ) (ഓഡിറ്റ് എൻക്വയറി നം. 9/21.11.17)

## 3-11 ഗ്രാമവികസന കാര്യാലയം,യൂത്ത്ഗൈഡൻസ് സെന്റർ വൈദ്യുതീകരണം-വൈദ്യുതി കണക്ഷൻ ലഭിച്ചില്ല

ഗ്രാമവികസന കാര്യാലയം വൈദ്യുതീകരണത്തിനായി 337186/- രൂപയും(ബിൽ നം2&3/16-17,18.10.16,8.11.16 /324217&12969രൂ.)യൂത്ത് ഗൈഡൻസ് സെന്റർ വൈദ്യുതീകരണത്തിനായി 3,17,200/- രൂപയും ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം1&4/16-17,18.10.16,19.12.16, 305000&12200രൂ.)വയറിംഗ് ജോലികൾ പൂർത്തീകരിച്ചുവെങ്കിലും കറന്റ് കണക്ഷൻ ലഭിക്കുന്നതിനായുള്ള തുക അടയ്ക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വൈദ്യുതി കണക്ഷൻ ലഭിക്കാത്തതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(6/20.11.17) മറുപടിയായി തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.ഗ്രാമവികസന കാര്യാലയവും യൂത്ത്ഗൈഡൻസ് സെന്ററും പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 കാവനാട് ശ്മശാനം-ചുറ്റമതിൽ നിർമ്മാണം പ്രവൃത്തി നടപ്പാക്കിയില്ല

കാവനാട് ശ്മശാനം-ചുറ്റമതിൽ നിർമ്മാണത്തിനായി 8,00,000രൂ.മാള ഗ്രാമപഞ്ചായത്തിന് നല്കിയിട്ടുണ്ട്.തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമല്ല.(ബിൽ നം 9/16-17,23.3.17).പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.പ്രവൃത്തി ആരംഭിച്ചതിന്റെ വിവരം,കാലതാമസത്തിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(6/20.11.17) മറുപടിയായി മാള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നല്കിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവുതുക 8,00,000രൂ തടസ്സപ്പെടുത്തുന്നു.

## 3-13 ശുചിമുറി നിർമ്മാണം-കാലതാമസത്തിന് പിഴ ഈടാക്കിയില്ല

നിർവ്വഹണം-അസിഎക്സി.എഞ്ചിനീയർ

പ്രോജക്ട് നം. s0057/17

കരാറുകാരൻ-എ.ടി.നിയാസ്

2015-16 ൽ ആരംഭിച്ച പ്രവൃത്തി 29.3.16 ൽ പൂർത്തീകരിയ്ക്കേണ്ടതാണ്.(കരാർ നം-10/aee/15-16തിയതി-29.9.15)ഇതിനായി 29.9.15.ന് സ്ഥലം കൈമാറിയെങ്കിലും 30.3.17 ൽ മാത്രമാണ് പൂർത്തീകരിച്ച് ഫൈനൽ ബിൽ നല്കിയത്.(ബിൽ നം-20/16-17;154482രൂ.)

2012 ലെ പി.ഡബ്ളി.യു.ഡി മാനവൽ സെക്ഷൻ 2116.1 പ്രകാരം ആദ്യ തവണ പി.എ.സിയുടെ 1% എന്ന നിരക്കിലും രണ്ടാം തവണ പി.എ.സിയുടെ2% എന്ന നിരക്കിലും പിഴ ഈടാക്കി പുതുക്കിയ കാലാവധിയ്ക്കനുസരിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് ചമയ്ക്കേണ്ടതാണ്.

അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ/ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധിക കാലതാമസത്തിന് പ്രതിവാരം പി.എ.സി.യുടെ 0.1% എന്ന നിരക്കിൽ പരമാവധി 10% കോമ്പൻസേഷനും ഈടാക്കേണ്ടതാണ്.എന്നാൽ ഇവിടെ ഇപ്രകാരം കരാറുകാരൻ സമയദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കുകയോ പിഴ ഒടുക്കി സപ്ളിമെന്ററി എഗ്രിമെന്റ് ചമയ്ക്കുകയോ ചെയ്തില്ല.ആയതിനാൽ നിർദ്ദിഷ്ട കാലാവധിയ്ക്ക് ശേഷമുള്ള കാലഘട്ടത്തിന് അനുസൃതമായ തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

മേൽ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-6/20.11.17)മറുപടി നല്കിയിട്ടില്ല.

## 3-14 ഊളൻചിറ മണലിക്കാട് ജല നിർഗ്ഗമന പദ്ധതി-ഗുണഭോക്തൃവിഹിതം ചെലവഴിച്ചില്ല

ഊളൻചിറ മണലിക്കാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പാർട്ട് ബിൽ പ്രകാരം 6,27,705 രൂ.(ബിൽ നം-21/16-17;31.3.17) ചെലവഴിച്ചിട്ടുണ്ട്.ഈ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കായി ഗുണഭോക്തൃവിഹിതം(10%) ചെലവഴിക്കാതെ പദ്ധതിവിഹിതം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്.കൂടാതെ ടെൻഡർ കുറവ് 12.5% പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(6/20.11.17) മറുപടിയായി ഫൈനൽ ബില്ലിൽ (17-18) നിന്ന് ടെൻഡർ കുറവ് വരുത്തിയിട്ടുണ്ടെന്നും ഗുണഭോക്തൃവിഹിതം കരാറുകാരന് നല്കിയിട്ടുണ്ടെന്നുമാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത ബില്ലിലും എം.ബുക്കിലും((17-18) ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തിയിട്ടില്ല.ആയതിനാൽ പദ്ധതി തുക അധികം ചെലവഴിച്ചിട്ടുണ്ടെങ്കിൽ തിരിച്ചടയ്ക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർനൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി ഡബ്ളിയുഡി ഇലക്ട്രിക്കൽ വിങ്ങ് | ജനറേറ്റർ സ്ഥാപിക്കൽ | ചെക്ക് നമ്പർ-1839314/27.2.2017&ബിൽ നമ്പർ-13/16-17/9.3.2017 | 599642<br>699733 | 0 | 1299375 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐഎവൈ വായ്പ | സ.ഉ(എംഎസ്)90/13 /തസ്വഭവ/14.3.2013 | 2087258 | 2087258 | 2087258 | 889358 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 57821817 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 76084799 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4933171/- |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 17000/- | ജോസഫ്.പി.ഒ,സെക്രട്ടറി |
| 3-4 | 726546/- | ആന്റോ .കെ. ദേവസ്യ, സെക്രട്ടറി ഇൻ ചാർജ്ജ്. |
| | 900000/- | ജോസഫ്.പി.ഒ,സെക്രട്ടറി |
| 3-5 | 25000/- | പി.കെ.സുരജ ,പട്ടികജാതി വികസന ഓഫീസർ |
| 3-8 | 1299375/- | ഡോ.ആശ സേവ്യർ ,മെഡിക്കൽ ഓഫീസർ മാള സിഎച്ച്സി |
| 3-9 | 519500/- | ഷെർളി എഫ് ,കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-10 | 645750/- | ഷെർളി എഫ് ,കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-12 | 800000/- | പിടി ബാബു അസി എക്സിക്യൂട്ടീവ് എൻജിനീയർ |
| ആകെ | 4933171/- | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96,<br>96-97,97-98 | എൽ.എഫ്.ടി.13-407/99/9.7.97/3.8.99 |
| 98-99 | എൽ.എഫ്.ടി.13-273/01/18.5.01/6.8.01 |
| 99-2000 | എൽ.എഫ്.ടി.13-/276/01/18.5.01/6.8.01 |
| 2000-01 | എൽ.എഫ്.ടി.13-619/04/6.10.04/7.2.05 |
| 2001-02 | എൽ.എഫ്.ടി.13-90/06/30.06.06/4.10.06 |
| 2002-03 | എൽ.എഫ്.ടി.21-2424/07/24.2.09 |
| 2003-04 | എൽ.എഫ്.ടി.21-2425/07/24.2.09 |
| 2004-05 | എൽ.എഫ്.ടി.2426/07/24.2.09 |
| 2005-06 | എൽ.എഫ്.ടി.2427/07/24.2.09/8.6.09 |
| 2006-07 | എൽ.എഫ്.ടി.(ബിപി)1635/11/28.3.12 |
| 2007-08 | എൽ.എഫ്.ടി.(ബിപി)1636/11/28.3.12 |
| 2008-09 | എൽ.എഫ്.ടി.(ബിപി)1637/11/28.3.12/27.6.12 |
| 2009-10,<br>2010-11 | എൽ.എഫ്.ടി.(ബിപി)1677/12/10.1.13/12.4.13 |
| 2011-12 | എൽ.എഫ്.ടി.(ബിപി)1937/13/6.3.14/8.3.14 |
| 2012-13 | എൽ.എഫ്.ടി.(ബിപി)1245/2014/10.10.14<br>/3.12.14 |
| 2013-14 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)1704/15<br>/15.12.15/11.1.16 |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ് .ആർ (ബിപി.2)/605<br>/17/18.5.2017/29.5.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്